പതിനാലാം കേരള നിയമസഭ
പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.3981 — 11.11.2019 ൽ മറുപടിയ്ക്ക്

## അംഗപരിമിതർക്കുള്ള തിരിച്ചറിയൽ കാർഡുകൾ

ചോദ്യം — മറുപടി

ശ്രീമതി ഇ.എസ്.ബിജിമോൾ — കെ.കെ.ശൈലജ ടീച്ചർ
(ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പ് മന്ത്രി)

| | |
|---|---|
| (എ) അംഗപരിമിതർക്ക് നൽകി വന്നിരുന്ന യുണീക്ക് ഡിസബിലിറ്റി ഐഡന്റിറ്റി ഡോക്യുമെന്റ് (യു.ഡി.ഐ.ഡി) കാർഡിന്റെയും മെഡിക്കൽ ബോർഡ് സർട്ടിഫിക്കറ്റിന്റെയും വിതരണത്തിൽ ഉണ്ടായ കാലതാമസം കാരണം കേന്ദ്ര/സംസ്ഥാന സർക്കാരുകളുടെ ആനുകൂല്യങ്ങൾ അംഗപരിമിതർക്ക് നിഷേധിക്കപ്പെടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ;<br><br>(ബി) അംഗപരിമിതർക്ക് അർഹമായ ആനുകൂല്യങ്ങൾ ലഭിക്കുന്നതിന് പ്രസ്തുത തിരിച്ചറിയൽ കാർഡുകൾ സമയബന്ധിതമായി ലഭ്യമാക്കി നൽകുന്നതിനുള്ള നടപടി സ്വീകരിക്കുമോ? | (എ) യും (ബി) യും - ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ഭാരത സർക്കാരിന്റെ സാമൂഹ്യനീതി മന്ത്രാലയത്തിന്റെ മാർഗ്ഗനിർദ്ദേശങ്ങൾക്കനുസരിച്ചാണ് അംഗപരിമിതർക്കുള്ള സവിശേഷ തിരിച്ചറിയൽ കാർഡും (UDID) മെഡിക്കൽ സർട്ടിഫിക്കറ്റും സംസ്ഥാനത്ത് നൽകി വരുന്നത്. കേരള സാമൂഹ്യ സുരക്ഷാ മിഷൻ, നിലവിൽ മെഡിക്കൽ സർട്ടിഫിക്കറ്റ് ഉള്ളവരുടെ അപേക്ഷകൾ പ്രത്യേകം സമാഹരിച്ച് സംസ്ഥാനത്തെ അക്ഷയ കേന്ദ്രങ്ങൾ വഴി Data Entry നടത്തി UDID കാർഡുകൾക്കായി ബന്ധപ്പെട്ട ജില്ലാ മെഡിക്കൽ ഓഫീസർക്ക് സമർപ്പിച്ചു വരുന്നു. ഇപ്രകാരം Data Entry നടത്തിയ 2,02,219 ലധികം അപേക്ഷകൾ ഇപ്പോൾ ജില്ലാ മെഡിക്കൽ ഓഫീസർമാരുടെ പരിശോധനയ്ക്കും മെഡിക്കൽ റെക്കമെന്റേഷനും വേണ്ടി സമർപ്പിച്ചിട്ടുണ്ട്.<br>അപേക്ഷകൾ വെരിഫൈ ചെയ്ത് UDID കാർഡ് ജനറേറ്റ് ചെയ്തു കഴിഞ്ഞാൽ അപേക്ഷകന് അയച്ചു നൽകാൻ ഒരാഴ്ചത്തെ സമയമേ ആവശ്യമായി വരുന്നുള്ളൂ.<br>ആരോഗ്യ വകുപ്പുമായി ചേർന്ന് മെഡിക്കൽ ക്യാമ്പുകൾ സംഘടിപ്പിച്ച് ഭിന്നശേഷിക്കാർക്കുള്ള UDID കാർഡുകളും മെഡിക്കൽ സർട്ടിഫിക്കറ്റുകളും നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. ആരോഗ്യ വകുപ്പും കേരള സാമൂഹ്യ സുരക്ഷാ മിഷനും സംയുക്തമായി ചർച്ച നടത്തി പരിശീലനം നടത്തിയതിനു ശേഷം വെരിഫിക്കേഷൻ നടത്തുന്നതിനുള്ള അധികാരം ജില്ലയിലെ ആരോഗ്യ വകുപ്പിന് കീഴിലുള്ള മെഡിക്കൽ ഓഫീസർമാർക്ക് |

| | |
|---|---|
| | നൽകാൻ ഉത്തരവായിട്ടുണ്ട്. ഇതനുസരിച്ച് കീഴ് സ്ഥാപനങ്ങളിൽ വെരിഫിക്കേഷനും സർട്ടിഫിക്കറ്റ് ജനറേഷനും ആരംഭിച്ചിട്ടുണ്ട്. 14 ജില്ലകളിലും ഡിസെബിലിറ്റി ബോർഡുകൾ സംഘടിപ്പിച്ചിട്ടുള്ളതിനാൽ ഡിസെബിലിറ്റി സർട്ടിഫിക്കറ്റുകൾ സമയബന്ധിതമായി നൽകി വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ